ജലഗതാഗത വകുപ്പിൽ ഒഴിവുള്ള തസ്തികകൾ

191 (788) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിന്റെ സുഗമമായ നടത്തിപ്പിന് ഒഴിവുള്ള തസ്തികകൾ പി. എസ്. സി-ക്ക് സമയബന്ധിതമായി റിപ്പോർട്ടു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജലഗതാഗത വകുപ്പിൽ താഴെപ്പറയുന്ന തസ്തികകളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നത്.

	തസ്തിക	എണ്ണം
1.	മെക്കാനിക്കൽ എഞ്ചിനീയർ	1
2.	അസിസ്റ്റന്റ് വർക്സ് മാനേജർ	1
3.	എൽ.ഡി ക്ലാർക്ക്	1
4.	കാർ ഡ്രൈവർ	2
5.	ശിപായി/വാച്ച്മാൻ	3
6.	ബോട്ട് സ്രാങ്ക്	75
7.	ബോട്ട് മാസ്റ്റർ	7
8.	കാർപ്പന്റർ	6
9.	ബ്ലാക് സ്മിത്ത്	2
10.	ടൈംകീപ്പർ	1
11.	ബാറ്ററി ചാർജ്ജർ	1
12.	മെഷിനിസ്റ്റ്	1
13.	കോൾക്കർ	4
14.	അപ്ഹോൾസ്റ്റർ	1
15.	അസിസ്റ്റന്റ് സ്റ്റോർ കീപ്പർ	1
16.	ബോട്ട് ലാസ്കർ	11
17.	ഇലക്ട്രീഷ്യൻ	3

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുകളിൽ (എ) യിലെ ക്രമനമ്പർ 3 മുതലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ക്രമ നമ്പർ 1, 2 എന്നിവ നികത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

വകുപ്പിലെ വർക്സ് മാനേജർ തസ്തികയിൽ വകുപ്പിലെ ഫോർമാനെ താൽക്കാലികമായി സ്ഥാനക്കയറ്റം വഴി നിയമിച്ചിട്ടുണ്ട്. ടി ഫോർമാന് മെക്കാനിക്കൽ എൻജിനീയറുടെ ചുമതല കൂടി നൽകിയിരിക്കുകയാണ്.

റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനായി അനുവദിച്ച തുക

192 (789) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ റോഡുകളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കാനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിരുന്നത് ;

(ബി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം ഇത്തരത്തിൽ അനുവദിച്ച തുക ലാപ്സാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ഈ വർഷം കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 30.45 കോടി രൂപയുടെയും, IRQP-യിൽ ഉൾപ്പെടുത്തി 126.70 കോടി രൂപയുടെയും പദ്ധതികൾക്ക് അനുമതി നല്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ് ;

(സി) തുക ലാപ്സാകാൻ സാധ്യതയില്ല.

സംസ്ഥാന പാതകൾ ദേശീയപാതകളാക്കുന്ന നടപടി

193 (790) ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനപാതകൾ ദേശീയപാതകളാക്കുന്നതിനായി കേന്ദ്രസർക്കാരിന്, നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly